എന്നാലെൻറയചഞ്ചലവിശ്വാ-
സത്തിന്നൊരു തരിപോലുമിളക്കമി-
ല്ലിറങ്ങുഴന്നു പിടയ്ക്കും ഞാൻ വെടി-
യേററിടറുന്നൊരു നരിയെപ്പോലെ.
അവശേഷിക്കില്ലൊന്നും പിന്നെ:-
യപഹൃതമാകുകിലെൻവിശ്വാസം,
ഇവനൊരു ഭ്രാന്തൻ, നേരുപറഞ്ഞാ-
ലിവനില്ലാതായ്ത്തീരും പാരിൽ.
നല്ലൊരുനാളെ വരും മഹിതോജ്ജ്വല-
ജീവിതമൊന്നു തളിർത്തിടുമെന്നു-
ള്ളെൻെറ പ്രതീക്ഷകളൊട്ടു തകർക്കാ-
മെന്നൊരുപേക്ഷ മോഹിച്ചേക്കാം;
എന്നാലെങ്ങനെ നിങ്ങൾ തകർക്കും?
ഉണ്ടകൾകൊണ്ടോ? നിഷ്ഫലമയ്യോ!
നിർത്തൂ! വ്യർത്ഥശ്രമങ്ങൾ ഹൃത്തിൻ
കവചം കാത്തിടുമെൻ വിശ്വാസം.
മാത്രവുമല്ലെൻ വിശ്വാസത്തെ-
ശ്ശകലിതമാക്കി നുറുക്കാൻ കെല്പെഴ-
മുണ്ടകൾ, കണ്ടുപിടിച്ചില്ലാരും,
പാരിതിലെങ്ങുമതില്ലേയില്ല!